(സി) ഉപ്പുതറ പ്രാഥമികാരോഗ്യ കേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെൻറ്ററായി 1991-92 സാമ്പത്തിക വർഷം ഉയർത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) പുതിയ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറ്ററുകൾ സ്ഥാപിക്കുന്ന അവസരത്തിൽ ധനലഭ്യതയ്ക്കു വിധേയമായി ഇക്കാര്യം പരിഗണിക്കുന്നതാണ്.

എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ആയുർവേദ ആശുപത്രികൾ തുടങ്ങാൻ നടപടി

57 [2103] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ആയുർവേദ ആശുപത്രികളും ഡിസ്പെൻസറികളും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു പഞ്ചായത്തിന് ഒന്ന് എന്ന നിരക്കിലും ഒരു മുനിസിപ്പാലിറ്റിക്ക് ഒന്ന് എന്ന നിരക്കിലും ആയുർവേദ ആശുപത്രികളോ ഡിസ്പെൻസറികളോ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ വർഷം അനുവദിച്ച സ്ഥാപനങ്ങൾ ഉൾപ്പെടെ സംസ്ഥാനത്ത് 104 ആയുർവേദ ആശുപത്രികളും 527 ഡിസ്പെൻസറികളും ഉണ്ട്.

(ബി) സാമ്പത്തികലഭ്യതയ്ക്ക് വിധേയമായി മാത്രമേ ഇക്കാര്യം പരിഗണിക്കുവാൻ നിവൃത്തിയുള്ളു.

മാവേലിക്കര താലൂക്കിലെ ഇലിപ്പക്കുളം ഗവൺമെൻറ് ആയുർവേദ ഡിസ്പെൻസറി

58 [2104] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിൽ ഭരണിക്കാവ് പഞ്ചായത്തിലെ ഇലിപ്പക്കുളം ഗവൺമെൻറ് ആയുർവേദ ഡിസ്പെൻസറി എന്നു മുതലാണ് പ്രവർത്തനം ആരംഭിച്ചത്;

(ബി) പ്രസ്തുത ഡിസ്പെൻസറി പ്രവർത്തിക്കുന്ന കെട്ടിടത്തിന് വാടകയിനത്തിൻ പ്രതിമാസം എത്ര രൂപവീതം നൽകുന്നുണ്ട്;

(സി) പ്രസ്തുത വാടകനിരക്ക് എന്നാണ് നിശ്ചയിച്ചത്;

(ഡി) ഈ വാടക വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കെട്ടിടം ഉടമ ആയുർവേദ ഡയറക്ടർക്കോ, ഗവൺമെൻറിനോ അപേക്ഷ നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly